'ഭരണഭാഷ–മാതൃഭാഷ'

# വ്യാവസായിക പരിശീലന വകുപ്പ്
(കേരള സംസ്ഥാനം)

KSHB, ശാന്തിനഗർ, തിരുവനന്തപുരം–01.

## ട്രെയിനിംഗ് ഡയറക്ടറുടെ നടപടിക്രമം
(ഹാജർ: എ.ഷൈനാമോൾ ഐ.എ.എസ്)

വിഷയം:– വ്യാവസായിക പരിശീലന വകുപ്പ്– പർച്ചേസ് വിഭാഗം– 2013 –2014 സാമ്പത്തിക വർഷത്തിൽ സാധനസാമഗ്രികൾ സംഭരിക്കുവാൻ വിവിധ കമ്പനികൾക്ക് വിതരണ ഉത്തരവ് നൽകിയിരുന്നത്–പെൻഡിംഗ് പേമെന്റ് നൽകുന്നത്– അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:– 1. G.O.(Rt) No.1104/14/LBR തീയതി 14.08.2014

**ഉത്തരവ് നമ്പർ.ഇ2/11303/14 തീയതി:16.09.2014.**

നടപ്പു സാമ്പത്തിക വർഷത്തിൽ 2230–03–101–87–മോഡണൈസേഷൻ ഓഫ് ഐ.ടി.ഐസ് 34–oc-3-other items(Plan) 2014-2015 ശീർഷകത്തിൽ 12.54 കോടി രൂപ അനുവദിച്ചിരുന്നതിൽ 1.40 കോടി രൂപ (ഒരു കോടി നാൽപത് ലക്ഷം രൂപ) 2013–2014 സാമ്പത്തിക വർഷത്തിൽ വിവിധ കമ്പനികൾക്ക് വിതരണ ഉത്തരവ് നൽകിയിരുന്നതു പ്രകാരം തുക മാറി നൽകുന്നതിനായി സർക്കാർ അനുമതി നൽകികൊണ്ട് പരാമർശം (1) പ്രകാരം ഉത്തരവായിട്ടുണ്ട്.

2.മേൽ സാഹചര്യത്തിൽ സംസ്ഥാനത്തെ വിവിധ ഐ.ടി.ഐ കളിലെ ട്രെയിനികളുടെ പരിശീലനത്തിനും ട്രേഡുകളുടെ അഫിലിയേഷൻ നേടിയെടുക്കുന്നതിനും വേണ്ടി വിവിധ കമ്പനികൾക്ക് 2013–2014 സാമ്പത്തിക വർഷത്തിൽ വിതരണ ഉത്തരവുകൾ നൽകിയിരുന്നതുപ്രകാരം കമ്പനികൾ സാധനങ്ങൾ തൃപ്തികരമായി വിതരണം ചെയ്തിട്ടുണ്ടെങ്കിൽ ടി കമ്പനികൾക്ക് സ്റ്റോർ പർച്ചേസ് മാനുവലിലെ വ്യവസ്ഥകൾ അനുസരിച്ച് ഡയറക്ടറേറ്റിൽ നിന്നും ഇനി ഒരു അനുമതി ഇല്ലാതെ തന്നെ തുക മാറി നൽകുന്നതിനുളള അനുമതി നൽകികൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. തുക മാറി നൽകുന്നതിന് മുമ്പ് വിതരണം നടത്തുന്ന സ്ഥാപനം, സെക്യൂരിറ്റി ഡെപ്പോസിറ്റ് എഗ്രിമെന്റ് സമർപ്പിച്ചിട്ടുണ്ടോ എന്ന് ഉറപ്പു വരുത്തേണ്ടതുമാണ്. പാർട്ട് പേയ്മെന്റ് നൽകാൻ പാടില്ലാത്തതുമാണ്.

4. ടി കമ്പനികൾക്ക് 30.09.2014 നു മുമ്പ് പെന്റിങ് പേയ്മെന്റ് മാറി നൽകി വിവരം ഡയറക്ടേറ്റിൽ യഥാസമയം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

(ഒപ്പ്)
**ട്രെയിനിംഗ് ഡയറക്ടർ**

To

എല്ലാ ഐടിഐ പ്രിൻസിപ്പാൾമാർക്കും

പകർപ്പ്

CA to DT, CA to ADT, Senior FO/CA to JDT,
AO II/JS E(1),(2)/ പർച്ചേസ് സെക്ഷൻ
ക്ലാർക്കുമാർക്ക്
കരുതൽ ഫയൽ (ഇ2)

//ഉത്തരവിൻ പ്രകാരം//

**ജൂനിയർ സൂപ്രണ്ട്**